LIBRARY ARCHIVES Kerala Legislative Assembly

**സർക്കാർ ജീവനക്കാരുടെ അഴിമതി**

157 (1812) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അഴിമതി കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് 286 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**വിജിലൻസിനെ ശക്തിപ്പെടുത്തി അഴിമതി അവസാനിപ്പിക്കുന്നതിന് നടപടി**

158 (1813) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ അഴിമതി വിമുക്തമാക്കും, അഴിമതിക്ക് അന്ത്യം കുറിച്ച് സദ്ഭരണം ഉറപ്പാക്കും ഉടങ്ങിയ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ അധികാരമേറ്റാലുടൻ ഒരു കലണ്ടർ തയ്യാറാക്കുമെന്നും വിജിലൻസിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുമെന്നും ഉള്ള വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന അന്വേഷണ ഏജൻസിയായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സി.ബി.ഐ.യിലെയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിലെയും അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും താരതമ്യം ചെയ്തുള്ള പഠന റിപ്പോർട്ടുകളോ ആയത് സംബന്ധമായ മറ്റ് വിശദാംശങ്ങളോ ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പോ വിശദാംശങ്ങളോ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് അന്വേഷണത്തെയും പ്രോസിക്യൂഷൻ നടപടികളെയും കുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16-12-2016-ലെ സ.ഉ. (സാധാ) നമ്പർ 34/2016/വിജി. പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 24 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം യൂണിറ്റ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി മലപ്പുറം ഓഫീസിന് 190 ലക്ഷം രൂപയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും കണ്ണൂർ ഓഫീസിന്റെ നിർമ്മാണത്തിനായി 202 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ 2017-18 സാമ്പത്തിക വർഷം ഡയറക്ടറേറ്റിലും എറണാകുളം യൂണിറ്റിലും അഡീഷണൽ കൺസ്ട്രക്ഷനും ഇടുക്കി യൂണിറ്റിന് കെട്ടിട നിർമ്മാണത്തിനുമായി 3 കോടി രൂപ അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ അന്വേഷണ സംവിധാനങ്ങൾക്കായി സി-ഡാക്കിൽ നിന്നും ഒരു പോർട്ടബിൾ ഫോറൻസിക് ടൂൾ കിറ്റ് 30, 32GB ഒ.റ്റി.ജി. പെൻഡ്രൈവുകൾ വാങ്ങിയിട്ടുണ്ട്. അതോടൊപ്പം നവീകരണ ഫണ്ടിൽനിന്ന് 40 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 20 പ്രിന്റർ, 40 യു.പി.എസ്., 53 ലാപ്ടോപ്പ്, 29 ഹാൻഡിക്യാം എന്നിവ വാങ്ങിയിട്ടുണ്ട്.

(സി) ലഭ്യമല്ല.

**വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

159 (1814) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ (ഡിവൈ.എസ്.പി., സി.ഐ. റാങ്കുകളിൽ) എത്ര തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്;